I ഇ.ബി. XII - കേരള നിയമസഭ/XVII-10

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 21, തിങ്കൾ

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ശ്രദ്ധക്ഷണിക്കൽ**

(1) പാല് വില വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. ആര്യാടൻ മുഹമ്മദ്: സംസ്ഥാനത്ത് മലബാർ, കൊച്ചി, തിരുവനന്തപുരം എന്നീ മൂന്ന് യൂണിയനുകളിലുമായി 11.8 ലക്ഷം ലിറ്റർ പാലാണ് വിതരണം നടത്തുന്നത്. ഇതിൽ 540000 ലിറ്റർ പാൽ മിൽമ സംസ്ഥാനത്തു നിന്ന് സംഭരിക്കുന്നതും ബാക്കിയുള്ളത് മഹാരാഷ്ട്ര കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതുമാണ്. എന്നിട്ടും പാൽ ക്ഷാമം സംസ്ഥാനത്ത് അനുഭവപ്പെടുന്നുണ്ട്. അന്യസംസ്ഥാനങ്ങളിൽ നൽകുന്നതുപോലുള്ള സബ്സിഡി നൽകാത്തതുകൊണ്ട് പാലുല്പാദനം കുറയുന്നു. സർക്കാർ പാലിന്റെ വില നിജപ്പെടുത്തുന്നതുകൊണ്ട് മിൽമയ്ക്ക് ഭീമമായ നഷ്ടം സഹിക്കേണ്ട അവസ്ഥയുണ്ടാകുന്നു. ഒരു ലിറ്റർ പാലിന് 26 രൂപ ഉൽപാദനച്ചെലവ് വരുമ്പോൾ ക്ഷീരകർഷകന് ലഭിക്കുന്നത് 18

രൂപയാണ്. അതിനാൽ ക്ഷീരകൃഷിയിൽ നിന്ന് ആളുകൾ പിന്തിരിയുകയാണ്. സർക്കാർ നയത്തിന്റെ ഫലമായി പാലിന് ഏറ്റവും വിലകുറഞ്ഞ സംസ്ഥാനമായി കേരളം മാറുകയാണ്. പാലിന് ന്യായമായ വില ലഭിക്കുന്ന രൂപത്തിൽ സബ്സിഡി പ്രഖ്യാപിക്കുകയോ വില നിർണ്ണയിക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്താതിരിക്കുകയോ പാലിന്റെ വില വർദ്ധിപ്പിക്കുകയോ ചെയ്യണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിക്കു വേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ചെലവ് കുറച്ചുകൊണ്ട് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം ക്ഷീരകർഷകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയെന്ന ലക്ഷ്യത്തോടെ ക്ഷീരവികസന-മൃഗസംരക്ഷണ വകുപ്പിൽ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തിവരുന്നു. ക്ഷീരസഹകരണ സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് കാലിത്തീറ്റ സബ്സിഡി നടപ്പാക്കുകയും 2011-12 സാമ്പത്തിക വർഷത്തിലേയ്ക്ക് ആറുകോടി രൂപ ഇതിനായി വകകൊള്ളിച്ചിട്ടുമുണ്ട്. തീറ്റപ്പുൽ കൃഷിക്ക് 2006-07 മുതൽ 2010-11 വരെ 10.71 കോടി രൂപയുടെ ധനസഹായവും മിൽക്ക് ഷെഡ് വികസന പദ്ധതിപ്രകാരം കർഷകർക്ക് ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിന് 2006-07 മുതൽ 2010-11 വരെ 26.84 കോടി രൂപയുടെ ധനസഹായവും നൽകിയിട്ടുണ്ട്. കർഷകന് തൊഴുത്ത് നവീകരണത്തിന് ഒരു ലക്ഷം രൂപാവീതം ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കുകയും അരലക്ഷത്തോളം കന്നുകാലികളെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വാങ്ങി വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രതിവർഷം ഏഴ് കോടി രൂപ ചെലവിൽ

കൃത്രിമബീജദാനം സൗജന്യമാക്കുകയും മുഴുവൻ കറവപ്പശുക്കളേയും സൗജന്യനിരക്കിൽ ഇൻഷ്വർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയു മുണ്ടായി. ക്ഷീരകർഷകർക്കായി ക്ഷേമനിധി നിയമം പാസ്സാക്കുകയും ക്ഷേമ പെൻഷൻ നൽകുകയും ക്ഷീരകർഷകരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, കുടുംബത്തിന് ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. ക്ഷേമനിധി പെൻഷൻ 300 രൂപയാക്കുകയും കുടുംബപെൻഷൻ 150 രൂപയാക്കി വർദ്ധിപ്പിക്കുകയും ക്ഷീര സഹകരണസംഘങ്ങൾ നൽകുന്ന പാലിന്റെ ഗുണനിലവാരം പരി ശോധിക്കുന്നതിന് ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുകയും ചെയ്തു. ഗുണമേന്മയുള്ള കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്ന തിന് ഒരു കാലിത്തീറ്റ പ്ലാന്റ് കരുനാഗപ്പള്ളിയിൽ ആരംഭിച്ചു. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കുളത്തൂപ്പുഴയിൽ ഹൈടെക് ഡയറി പ്രവർത്തനം ആരംഭിച്ചു. കൂടാതെ മാട്ടുപ്പെട്ടിയിലും കോലാഹലമേട്ടിലും ഹൈടെക് ഡയറികൾ ഈ മാസം പ്രവർത്തനം ആരംഭിക്കും. പുതിയ ക്ഷീരസംഘങ്ങൾ തുടങ്ങുന്നതിന് 25,000 രൂപയുടെ സാമ്പത്തിക സഹായം നൽകുകയും ക്ഷീര കർഷകർക്ക് രണ്ട് രൂപ നിരക്കിൽ റേഷൻ അനുവദിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിൽമാ പാലിന്റെ വില അഞ്ചു തവണയായി ലിറ്ററിന് എട്ട് രൂപ വർദ്ധിപ്പിക്കുകയും ഉൽപ്പാദനച്ചെലവിനനു സൃതമായി പാൽവില നിശ്ചയിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ 2010 ജൂൺ മുതൽ ലിറ്ററിന് മൂന്ന് രൂപ പാൽവില വർദ്ധിപ്പിക്കു കയുമുണ്ടായി. വില വർദ്ധിപ്പിക്കാതെ ക്ഷീരകർഷകർക്ക് പരമാവധി വിലയും

ആനുകൂല്യങ്ങളും നൽകുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(2) വനംവകുപ്പിലെ ദിവസവേതനക്കാരായ തൊഴിലാളികൾ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾ

ശ്രീ. ബാബുപോൾ: വനസംരക്ഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ദിവസവേതനക്കാരായ തൊഴിലാളികൾ വർഷങ്ങളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന തൊഴിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. വനംവകുപ്പിൽ അഞ്ചിനും മുപ്പത്തഞ്ചിനുമിടയിൽ വർഷങ്ങളായി വാച്ചർ, ഗാർഡ്നർ, മസ്ദൂർ, പ്യൂൺ, ഡ്രൈവർ തുടങ്ങി വിവിധ തസ്തികകളിൽ പണിയെടുക്കുന്ന 1500-ഓളം ദിവസവേതന തൊഴിലാളികളെ സംരക്ഷിക്കേണ്ട ബാദ്ധ്യത സർക്കാരിനുണ്ട്. കുടിശ്ശിക വരുത്താതെ വേതനം യഥാസമയം ലഭ്യമാക്കുകയോ ഡി.എ., ഫെസ്റ്റിവൽ അലവൻസ് എന്നിവ കൃത്യമായി നൽകുകയോ ചെയ്യാറില്ല. പട്ടിണിയും ദാരിദ്ര്യവുംമൂലം പൊറുതിമുട്ടുന്ന ഇത്തരക്കാർക്ക് വന്യമൃഗങ്ങളുടെ ആക്രമണഭീഷണിയും വേതനം ആവശ്യപ്പെട്ടാൽ പിരിച്ചുവിടൽ ഭീഷണിയും നേരിടേണ്ടിവരുന്നുണ്ട്. ഇവർക്ക് ഇൻഷ്വറൻസ് പദ്ധതിയും ശയ്യാവലംബരായ തൊഴിലാളികൾക്ക് ചികിൽസാ സൗകര്യവും ഏർപ്പെടുത്തണം. യൂണിഫോമും തിരിച്ചറിയൽ കാർഡും നിർബന്ധമാക്കുകയും ബൂട്ട്സും ടോർച്ചും അനുവദിക്കുകയും വർഷങ്ങളായി പണിയെടുക്കുന്നവരെ സ്ഥിരപ്പെടുത്തുകയും ചെയ്യണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): കേരളത്തിലെ വനങ്ങളുടെ സംരക്ഷണത്തിൽ വനംവകുപ്പിലെ ദിവസവേതനക്കാർ വഹിക്കുന്ന പങ്ക് കണക്കിലെടുത്ത് 2010 നവംബറിൽ ദിവസ

വേതനത്തിൽ 30 ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്. വേരിയബിൾ ഡി.എ. ഉൾപ്പെടെ നിലവിൽ തൃപ്തികരമായ ശമ്പളമാണ് ലഭിക്കുന്നത്. ദിവസവേതനക്കാർക്ക് അർഹതപ്പെട്ട കൂലി നിഷേധിക്കുകയോ അവരോട് അടിമകളോടെന്നപോലെ പെരുമാറുകയോ ചെയ്യുന്നവർക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതാണ്. യൂണിഫോം, ഇൻഷ്വറൻസ്, ഐഡന്റിറ്റി കാർഡ് എന്നിവ ലഭ്യമാക്കുന്നത് അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്. പി.എസ്.സി.-യുടെ നിർണ്ണായക നിലപാടിനു വിധേയമായി 15 വർഷത്തെ സേവനം പൂർത്തിയായ ദിവസവേതനക്കാരായ വനംവകുപ്പിലെ തൊഴിലാളികളെ സഹായിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സബ്മിഷൻ

### (1) <u>ചിറ്റാർ-അച്ചൻകോവിൽ റോഡ് നിർമ്മാണം</u>

<u>ശ്രീ. രാജു എബ്രഹാം</u>: 99 ശതമാനം നിർമ്മാണപ്രവൃത്തികൾ പൂർത്തിയായ ചിറ്റാർ-അച്ചൻകോവിൽ റോഡിന്റെ അവശേഷിക്കുന്ന പണി കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി തേടിക്കൊണ്ട് എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ബിനോയ് വിശ്വം)</u>: അവശേഷിക്കുന്ന റോഡുപണിക്കുവേണ്ടി വനഭൂമി വിട്ടുകൊടുക്കുന്നതിനുള്ള അനുമതിക്കായി കേന്ദ്ര സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ എത്രയുംവേഗം പൂർത്തിയാക്കുന്നതിന് വനംവകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

(2) <u>പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെ നിയമന പ്രശ്നങ്ങൾ</u>

<u>ശ്രീ. കെ. സി. ജോസഫ്</u>: 2006-നുശേഷം എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ട പ്ലസ് ടു/ഹൈസ്കൂൾ അദ്ധ്യാപകരുടെ തസ്തികകൾ അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക നിയമന നിയന്ത്രണം ഏർപ്പെടുത്തിയ 17-08-2005-ലെ ഉത്തരവ് 12-01-2010-ലെ ഉത്തരവിലൂടെ നീക്കുകയുണ്ടായി. അതുപ്രകാരം 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ എയ്ഡഡ് സ്കൂളുകളിൽ നടത്തിയ നിയമനങ്ങൾ വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിക്കാൻ ഉത്തരവായിട്ടുണ്ട്. സർക്കാർ വ്യവസ്ഥ അംഗീകരിക്കാത്ത മാനേജ്മെന്റ് സ്കൂളുകളിലെ തസ്തികകൾ അംഗീകരിക്കണമെന്ന വാദം ശരിയല്ല. സർക്കാർ ഉത്തരവുകൾ ലംഘിച്ചുകൊണ്ട് നിയമനം നടത്തുന്ന പ്രവണത ഗവൺമെന്റ് വളരെ ഗൗരവമായി കാണുന്നു. പ്രൊട്ടക്ടഡ് അദ്ധ്യാപകരുടേയും പുതിയ അദ്ധ്യാപകരുടേയും നിയമനത്തിലെ 1:1 എന്ന അനുപാതത്തിൽ മാറ്റം വരുത്തേണ്ട സാഹചര്യം നിലവിലില്ല. ഇക്കാര്യത്തിൽ ചില എയ്ഡഡ് സ്കൂൾ മാനേജർമാർ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് തീർപ്പായിട്ടില്ല. ചട്ടപ്രകാരമുള്ള നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിൽ തടസ്സമില്ല.

(3) <u>കാരിത്താസ് ഓവർബ്രിഡ്ജ് ഭൂമി ഏറ്റെടുക്കാൻ നടപടി</u>

<u>ശ്രീ. തോമസ് ചാഴികാടൻ</u> : റെയിൽവേ ബഡ്ജറ്റിൽ അംഗീകാരം നൽകിയ കാരിത്താസ് റെയിൽവേ ഓവർബ്രിഡ്ജിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തി എത്രയും

വേഗത്തിൽ ഈ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : റെയിൽവേയുമായി നിരന്തരമായി നടത്തിയ ചർച്ചകളുടെ ഫലമായി പാലത്തിന് പ്ലാൻ തയ്യാറാക്കുകയും ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾക്ക് 110 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കൽ ഫാസ്റ്റ് ട്രാക്കിൽ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. അടുത്ത മന്ത്രിസഭാ യോഗത്തിൽ ഇതുസംബന്ധിച്ച് തീരുമാനമുണ്ടാകും. റെയിൽവേ ഓവർബ്രിഡ്ജുകളുടെ നിർമ്മാണം റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ബഡ്ജറ്റിൽ ആർ.ബി.ഡി.സി.കെ.-യ്ക്ക് പ്രത്യേക ഫണ്ടുണ്ട്. മുഴുവൻ തുകയ്ക്കും ഭരണാനുമതി കൊടുത്ത് ഈ വർക്ക് ഉടൻതന്നെ ആരംഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കുന്നതാണ്.

### (4) വടകര-തൊട്ടിൽപ്പാലം റൂട്ടിൽ കെ. എസ്. ആർ. ടി. സി. ചെയിൻ സർവ്വീസ്

ശ്രീമതി കെ. കെ. ലതിക : വടകര-തൊട്ടിൽപ്പാലം റൂട്ടിൽ കെ എസ്. ആർ.ടി.സി. ചെയിൻ സർവ്വീസ് ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : വടകര-തൊട്ടിൽപ്പാലം റൂട്ടിൽ ആറ് ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള അനുവാദം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബസ്സിന്റേയും ജീവനക്കാരുടേയും കുറവുമൂലമാണ് ചെയിൻ സർവ്വീസ് ആരംഭിക്കാൻ കഴിയാതിരിക്കുന്നത്. തൊട്ടിൽപ്പാലം യൂണിറ്റിന്റെ പുതിയ കെട്ടിടത്തിന്റെ

ഉദ്ഘാടനം നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഡിപ്പോ വികസനത്തിന്റെ ഭാഗമായി സർവ്വീസുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യവും വടകര-തൊട്ടിൽപ്പാലം ചെയിൻ സർവ്വീസ് ആരംഭിക്കുന്ന കാര്യവും സജീവമായി പരിഗണിക്കുകയും ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതുമാണ്.

(5) ട്രിഡ സബ്സ്റ്റേഷൻ ട്രേഡ് സെന്റർ

ശ്രീ. എം. എ. വാഹീദ് : കഴക്കൂട്ടം ട്രിഡ സബ്സ്റ്റേഷൻ സെന്ററിന് ആവശ്യമായ സ്ഥലം ലഭ്യമാക്കുകയും എക്സംപ്ഷൻ കൊടുത്ത ആൾക്കാരുടെ പേരിൽ നടപടി സ്വീകരിക്കുകയും വേണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : 2005-ൽ കഴക്കൂട്ടം ട്രേഡ് സെന്റർ-കം മിനി ബസ് സ്റ്റാന്റ് പദ്ധതിക്കാവശ്യമായ സ്ഥലം അർജൻസി ക്ലാസ്സിൽപ്പെടുത്തി ഏറ്റെടുക്കാൻ അനുമതി ലഭിക്കുകയും ജില്ലാ കളക്ടറോട് ആവശ്യപ്പെടുകയും ചെയ്തു. ഭൂമി ഏറ്റെടുക്കുന്നതിനെതിരെ സമർപ്പിക്കപ്പെട്ട കേസ്സിൽ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം പദ്ധതിപ്രദേശത്തിലുള്ളവരുടെ പരാതികൾ പരിശോധിക്കുകയും വഴിക്കാവശ്യമുള്ള വസ്തു പദ്ധതിയിൽനിന്നൊഴിവാക്കുവാൻ തീരുമാനിക്കുകയും മറ്റുള്ളവ നിരസിക്കുകയും ചെയ്തു. 2005-ൽ ഹൈക്കോടതിയിൽ സമർപ്പിക്കപ്പെട്ട കേസ് 2007-ലാണ് തീർപ്പായത്. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് ജില്ലാ കളക്ടറോട് അഭ്യർത്ഥിക്കുകയുണ്ടായെങ്കിലും പദ്ധതിപ്രദേശത്തുള്ള രണ്ട് വ്യക്തികൾ 2007-ൽ ഹൈക്കോടതിയിൽ സമർപ്പിച്ച കേസിൽ ഒഴിപ്പിക്കൽ സ്റ്റേ ചെയ്ത് ഉത്തരവായിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഡിക്ലറേഷൻ അവാർഡ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ ആ നടപടി ലാപ്സായതായി കോടതി വിധിച്ചു.

19-6-2008-ൽ ട്രിഡ എക്സിക്യൂട്ടീവ് കമ്മിറ്റി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചെങ്കിലും നടപടിക്രമങ്ങളുടെ സങ്കീർണ്ണതകളും പദ്ധതിപ്രദേശത്തെ ജനങ്ങളുടെ എതിർപ്പും ഹൈക്കോടതിയുടെ ഇടപെടലും കാരണമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ വൈകിയത്. 22-04-2010-ൽ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ പുനരധിവാസം ഉൾപ്പെടുത്തേണ്ട സാഹചര്യം പദ്ധതിപ്രദേശത്ത് ഉണ്ടെന്ന് സ്പെഷ്യൽ തഹസീൽദാർ തിരുവനന്തപുരം വികസന അതോറിറ്റിയെ അറിയിച്ചതിനെത്തുടർന്ന് പദ്ധതിപ്രദേശത്ത് ഉൾപ്പെടുത്തിയിരുന്ന 33 സെന്റ് സ്ഥലം ഒഴിവാക്കുന്നതിനും 97 സെന്റ് സ്ഥലം അക്വയർ ചെയ്യുന്നതിനും സ്ഥലം ഫാസ്റ്റ് ട്രാക്ക് മാർഗ്ഗത്തിൽ ഏറ്റെടുക്കുന്നതിന് തീരുമാനിക്കുകയും എന്നാൽ എൽ.എ. യൂണിറ്റിന്റെ ആവശ്യപ്രകാരം 9-12-2010-ൽ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ വികസിതമാണെന്ന് കണ്ടെത്തിയ 2.6 ആർ സ്ഥലം കൂടി ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും പദ്ധതിപ്രദേശത്ത് ഉൾപ്പെട്ടിട്ടുള്ള അവികസിതമായ 90.6 സെന്റ് സ്ഥലം അർജൻസി ക്ലാസ്സിൽ ഏറ്റെടുക്കുന്നതിനുള്ള അനുമതിക്ക് 16-2-2011-ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലുള്ള കാലതാമസമല്ലാതെ തിരുവനന്തപുരം വികസന അതോറിറ്റിയുടെ ഭാഗത്തുനിന്ന് ബോധപൂർവ്വമായ വീഴ്ചയൊന്നും സംഭവിച്ചിട്ടില്ല. സ്ഥലം ഏറ്റെടുത്ത് കൈമാറുന്ന മുറയ്ക്ക് പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതാണ്.

(6) <u>അനധികൃതമായി കുന്നിടിച്ച് മണ്ണെടുക്കൽ</u>

<u>ശ്രീ. പി.സി. വിഷ്ണുനാഥ്</u>: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ വെണ്മണി, മുളക്കുഴ പഞ്ചായത്തുകളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം

പരിഹരിക്കുന്നതിനും അനധികൃതമായി കുന്നിടിച്ച് മണ്ണെടുക്കുന്നത് തടയുന്നതിനും ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് അനധികൃതമായി കുന്നിടിക്കലുൾപ്പെടെയുള്ള കാര്യങ്ങൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കായംകുളം-ചേപ്പാട്, ചേപ്പാട്-ഹരിപ്പാട്, ഹരിപ്പാട്-അമ്പലപ്പുഴ, കായംകുളം-ചെങ്ങന്നൂർ റൂട്ടുകളിൽ റെയിൽപ്പാത ഇരട്ടിപ്പിക്കലും റോഡ് വീതികൂട്ടൽ തുടങ്ങിയ വികസന പ്രവർത്തനങ്ങളും നടന്നുവരുന്നതിനാൽ ഇതിനാവശ്യമായ മണ്ണ് ലഭിക്കാത്ത സാഹചര്യം കാരണം വികസന പ്രവർത്തനം തടസ്സപ്പെടുന്നുവെന്ന് റെയിൽവേ അധികൃതർ സർക്കാരിന് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ മണ്ണ് ലഭ്യതയുള്ള മുളക്കുഴ പഞ്ചായത്തിൽ ആർ.ഡി.ഒ. നൽകുന്ന അനുമതിപത്രത്തിന്റെ അടിസ്ഥാനത്തിൽ മണ്ണെടുക്കുന്നതിന് അനുവാദം നൽകുകയും അതിന്റെ മറവിൽ അനധികൃത നടപടികളുണ്ടാവാതിരിക്കുന്നതിന് കർശനമായ നിരീക്ഷണ സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ. ചൂണ്ടിക്കാണിക്കുകയും ഗ്രാമ പഞ്ചായത്ത് റെസല്യൂഷൻ പാസ്സാക്കുകയും ചെയ്താൽ അടിയന്തിരമായി വെള്ളം എത്തിക്കുന്നതിനുള്ള നിർദ്ദേശം റവന്യൂ ഡിപ്പാർട്ട്മെന്റ് എല്ലാ കളക്ടർമാർക്കും കൊടുത്തിട്ടുണ്ട്.

(7) കൊടുങ്ങല്ലൂർ-അങ്കമാലി റോഡ് വീതികൂട്ടൽ

ശ്രീ. എ.കെ. ചന്ദ്രൻ: എൻ.എച്ച്. 17-നേയും എൻ.എച്ച്. 47-നേയും ബന്ധപ്പെടുത്തുന്നതും കൊടുങ്ങല്ലൂരിൽ നിന്ന് അങ്കമാലിയിൽ വളരെ എളുപ്പത്തിൽ എത്താവുന്നതുമായ കൊടുങ്ങല്ലൂർ-പൊയ്യ-പൂപ്പത്തി-കൂഴൂർ

-മൂഴിക്കുളം-വട്ടപ്പറമ്പ്-അങ്കമാലി റോഡ് വീതികൂട്ടി ഗതാഗതക്കുരുക്ക് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): കൊടുങ്ങല്ലൂർ-പൊയ്യ-പൂപ്പത്തി-കുഴൂർ-മൂഴിക്കുളം-വട്ടപ്പറമ്പ്-അങ്കമാലി റോഡ് വികസിപ്പിക്കുന്നതിന് പദ്ധതികളൊന്നും ആവിഷ്ക്കരിച്ചിട്ടില്ല. ഈ റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ഈ റോഡിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഇത് സംബന്ധിച്ച് അടിയന്തിര ശുപാർശ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതാണ്.

(8) സെക്രട്ടേറിയറ്റ് പടിക്കലെ റിലേ സത്യാഗ്രഹം

ശ്രീ. എൻ. ശക്തൻ: മതവ്യത്യാസമില്ലാതെ നാടാർ സമുദായത്തിലെ മുഴുവൻ ആളുകൾക്കും സംവരണം നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ വി.എസ്.ഡി.പി. നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കുന്നതിനും നാടാർ, മുസ്ലീം തുടങ്ങിയ പിന്നോക്ക സമുദായങ്ങളിൽപ്പെടുന്ന പെൺകുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് 125 രൂപയിൽനിന്ന് ആയിരം രൂപയായി വർദ്ധിപ്പിക്കുന്നതിനും വൈകുണ്ഠ സ്വാമിയുടെ ജന്മദിനത്തിന് തിരുവനന്തപുരം ജില്ലയിലെങ്കിലും പ്രാദേശിക അവധി പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിക്കണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): നാടാർ വിഭാഗത്തിൽപ്പെട്ട എല്ലാവർക്കും മത പരിഗണന കൂടാതെ സംവരണം നടപ്പാക്കുന്നതുൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സെക്രട്ടേറിയറ്റ് പടിക്കൽ നടക്കുന്ന സമരം

ഒത്തുതീർപ്പായിട്ടുണ്ട്. മതപരിഗണന കൂടാതെ എല്ലാ നാടാർ വിഭാഗക്കാർക്കും സംവരണം നടപ്പാക്കുക എന്ന ആവശ്യം നിലവിലുള്ള സുപ്രീംകോടതി വിധിയുടെ പശ്ചാത്തലത്തിൽ നയപരമായി തീരുമാനിക്കാൻ ഗവണ്മെന്റിന് കഴിയുന്നതല്ല. എല്ലാ നാടാർ വിഭാഗക്കാരുമായി ചർച്ച നടത്തി സമവായത്തിന് തീരുമാനിക്കാമെന്ന് സർക്കാർ വി.എസ്.ഡി.പി. പ്രതിനിധികളെ അറിയിക്കുകയും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉടൻതന്നെ ചർച്ച നടത്തുമെന്നും അറിയിച്ചിട്ടുണ്ട്. സമരത്തിലുന്നയിച്ചിട്ടുള്ള മറ്റ് ആവശ്യങ്ങളോട് അനുഭാവപൂർവ്വമായ സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. തിരുവനന്തപുരം ജില്ലയിൽ വൈകുണ്ഠ സ്വാമിയ്ക്ക് സ്മാരകം പണിയുന്നതിന് സ്ഥലം അനുവദിക്കണമെന്ന ആവശ്യവും ജാതി സർട്ടിഫിക്കറ്റ് ലഭിക്കാനുള്ള തടസ്സങ്ങൾ പരിഹരിക്കണമെന്ന ആവശ്യവും റവന്യൂ വകുപ്പിന്റെ ശ്രദ്ധയിലും പെൺകുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് വർദ്ധിപ്പിക്കണമെന്ന ആവശ്യം പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ ശുപാർശയോടുകൂടി വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിലും വൈകുണ്ഠ സ്വാമിയുടെ സമാധി സ്ഥലമായ സ്വാമിത്തോപ്പിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കണമെന്ന ആവശ്യം ഗതാഗത വകുപ്പിന്റെ ശ്രദ്ധയിലുംപെടുത്തിയിട്ടുണ്ട്. തുടർനടപടികൾ ആവശ്യമുള്ള എല്ലാ തീരുമാനങ്ങളിലും ധാരണയ്ക്കനുസരിച്ച് സർക്കാർ നടപടികൾ സ്വീകരിക്കുന്നതാണ്.

(9) <u>കരിങ്കൽ ക്വാറി തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

(ഈ വിഷയം സംബന്ധിച്ച് ശ്രീ. മാങ്കോട് രാധാകൃഷ്ണനും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി</u>: ആൾ കേരള കരിങ്കൽ ക്വാറി തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): പാറ ഖനന മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് ഹാനികരമല്ലാത്ത വിധത്തിൽ ജില്ലാതലത്തിൽ ക്വാറി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ലൈസൻസുകൾ നൽകാൻ ഏകജാലക സംവിധാനം ഏർപ്പെടുത്താനും ജില്ലാ കളക്ടർമാർ അവരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് എക്സ്പ്ലോസീവ് ലൈസൻസ് നൽകാനും ചെറുകിട ക്വാറി ഉടമകൾക്ക് എക്സ്പ്ലോസീവ് ലൈസൻസ് സമ്പാദിക്കുന്നതിനായി വ്യവസായ സഹകരണസംഘങ്ങൾ രൂപീകരിച്ച് ലൈസൻസിന് അപേക്ഷിക്കുവാനുള്ള അവസരമൊരുക്കുവാനുമാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. പുതിയതായി പാറ ഖനനത്തിന് അനുമതി നൽകുന്നതിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി മന്ത്രിസഭായോഗത്തിന്റെ അനുമതിയ്ക്കായി സമർപ്പിക്കുന്നതിന് നടപടികൾ നടന്നുവരുന്നു. ക്വാറി മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള തീരുമാനങ്ങൾ മാത്രമേ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുകയുള്ളൂ.

(10) ഓമല്ലൂർ ശുദ്ധജല വിതരണ പദ്ധതി

ശ്രീ. കെ. ശിവദാസൻ നായർ: പത്തനംതിട്ട ജില്ലയിലെ ഓമല്ലൂർ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സംസ്ഥാനത്തെ വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകളിലെ പമ്പുകളുടെയൊക്കെ എഫിഷ്യൻസി കാലപ്പഴക്കംകൊണ്ട് ഗണ്യമായി കുറഞ്ഞതിനാൽ 36 കോടി

രൂപ ചെലവഴിച്ചുകൊണ്ട് വാട്ടർ അതോറിറ്റി പമ്പ് ഹൗസുകളിലെ എഫിഷ്യൻസി കുറഞ്ഞ മുഴുവൻ പമ്പുകളും മോട്ടോറുകളും മാറ്റി സ്ഥാപി ക്കുന്നതിനാവശ്യമായ ഒരു പദ്ധതിക്ക് ഭരണാനുമതി നൽകി ഈ വരൾച്ചാ കാലത്തുതന്നെ ബൈ സ്റ്റാന്റ് പമ്പുസെറ്റുകൾ ഉൾപ്പെടെ പരമാവധി മോട്ടോറുകളും പമ്പുസെറ്റുകളും സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(11) <u>റെയിൽവേ കോച്ച് ഫാക്ടറി നിർമ്മാണം</u>

<u>ശ്രീ. എം. ഹംസ</u>: പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിയുടെ നിർമ്മാണ നടപടികൾ ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടി സ്വീക രിക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (<u>ശ്രീ. എം. വിജയകുമാർ</u>): പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറിക്കുവേണ്ട അംഗീകാരവും പദ്ധതി ഏത് രീതിയിൽ നടപ്പിലാക്കണമെന്ന കാര്യവും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചാൽ മാത്രമേ നടപ്പാക്കാൻ കഴിയുകയുള്ളൂ. പദ്ധതിക്കാവശ്യമായ 430 ഏക്കർ ഭൂമിയിൽ 429.27 ഏക്കർ ഭൂമി സർക്കാർ സൗജന്യമായി ഏറ്റെടുക്കുകയും പദ്ധതി പൊതുമേഖലാ സ്ഥാപനവുമായി സംയുക്ത സംരംഭമായാണ് നടപ്പാക്കുന്നതെങ്കിൽ ഭൂമിയുടെ കമ്പോളവിലയായ 60.63 കോടി രൂപയുടെ 4 ശതമാനം വാർഷിക പാട്ടവാടകയായി 10 വർഷത്തിലൊരിക്കൽ പുതുക്കണമെന്ന വ്യവസ്ഥയോടുകൂടി നൽകാൻ സമ്മതമാണെന്നും സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണെങ്കിൽ ഭൂമി പാട്ടത്തിന് നൽകുന്നത് സംബന്ധിച്ച അഭിപ്രായവും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(12) <u>ആൾട്ടർനേറ്റീവ് സ്കൂളുകൾ</u>

<u>ശ്രീ. കെ. കെ. ദിവാകരൻ</u>: സംസ്ഥാനത്തെ റിമോട്ട് ഏരിയകളിൽ പ്രവർത്തിക്കുന്ന ആൾട്ടർനേറ്റീവ് സ്കൂളുകളുടെ പ്രവർത്തനം 2011 മാർച്ച് 31-ന് അവസാനിക്കുന്ന സാഹചര്യത്തിൽ അവിടെയുള്ള അദ്ധ്യാപകരേയും പാചകത്തൊഴിലാളികളേയും സംരക്ഷിക്കുന്നതോടൊപ്പം കുട്ടികൾക്ക് പഠിക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): ആൾട്ടർനേറ്റീവ് സ്കൂളുകളുടെ പ്രവർത്തനം 2011 മാർച്ച് 31-ഓടുകൂടി അവസാനിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിലേയ്ക്ക് കൊണ്ടുവരാൻ ആവശ്യമായ സമയം അനുവദിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. 2011–12–ലെ എസ്.എസ്.എ.-യുടെ വാർഷിക പദ്ധതിയിൽ പുതിയ സ്കൂളുകൾ, റെസിഡൻഷ്യൽ സ്കൂളുകൾ, പ്രത്യേക പരിശീലന കേന്ദ്രങ്ങൾ, ആൾട്ടർനേറ്റീവ് സ്കൂളുകളിലെ കുട്ടികൾക്ക് മുഖ്യധാര സ്കൂളുകളിലെ കുട്ടികളുമായി പൊരുത്തപ്പെടുന്നതിനാവശ്യമായ പരിശീലന കേന്ദ്രങ്ങൾ എന്നീ നിലയിൽ പ്രവർത്തനം തുടരാനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയും ആൾട്ടർനേറ്റീവ് സ്കൂൾ അധ്യാപകർക്ക് പ്രതിമാസം 4000 രൂപ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(13) <u>റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി</u>

ശ്രീ. റോഷി അഗസ്റ്റിൻ: ഇടുക്കി നിയോജകമണ്ഡലത്തിലെ ചേലച്ചോട്-വണ്ണപ്പുറം റോഡിന്റെ വ്ളാത്തിക്കവല മുതൽ പഴയരിക്കണ്ടം വരെയുള്ള ഭാഗത്തെ നിർമ്മാണപ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): ഇടുക്കി നിയോജകമണ്ഡലത്തിലെ വ്ളാത്തിക്കവല-പഴയരിക്കണ്ടം റോഡുപണി 2010-11 സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(14) ധനസഹായം നൽകുന്നതിനുള്ള നടപടി

ശ്രീ. വി. എൻ. വാസവൻ: കിളിരൂർ സ്ത്രീ പീഡനക്കേസിൽ മരണപ്പെട്ട ശാരി എസ്. നായരുടെ കുട്ടിക്ക് വിദ്യാഭ്യാസത്തിനും നിത്യനിദാനച്ചെലവിനും ആവശ്യമായ ധനസഹായം നൽകാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കിളിരൂർ സ്ത്രീ പീഡനക്കേസിൽ മരണപ്പെട്ട ശാരി എസ്. നായരുടെ കുട്ടിക്ക് വിദ്യാഭ്യാസത്തിനും മറ്റ് പ്രാഥമികാവശ്യങ്ങൾക്കുമുള്ള ചെലവിനത്തിലേയ്ക്കായി കുട്ടി പ്രായപൂർത്തിയാകുമ്പോൾ ലഭ്യമാകുന്ന വിധത്തിൽ 2 ലക്ഷം രൂപ ദേശസാൽകൃത ബാങ്കിൽ സ്ഥിരനിക്ഷേപമായി ഡെപ്പോസിറ്റ് ചെയ്യുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

1. കാര്യോപദേശക സമിതിയുടെ മുപ്പത്തി ഏഴാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

2. യുവജനവും യുവജനക്ഷേമവും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

3. മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

4. അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തി ഒമ്പതാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

## റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ മുപ്പത്തി ഏഴാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## ധനകാര്യം

<u>2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും</u>

2010-2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

<u>ശ്രീ. ജോർജ് മേഴ്സിയർ:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ സമസ്ത മേഖലകളിലും ഈ സർക്കാർ സമ്പൂർണ്ണ പരാജയമാണ് എന്ന ജനങ്ങളുടെ വിലയിരുത്തലാണ് കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിലും ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലും കണ്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അഭ്യസ്തവിദ്യരായ തൊഴിൽരഹിത രുടെ എണ്ണം ഏകദേശം നാലുലക്ഷമായി ഉയർന്നു. വെറും ഏഴായിര ത്തിൽത്താഴെ പേർക്കുമാത്രമാണ് ഈ സർക്കാരിന്റെ കാലത്ത് നിയമനം നൽകിയിട്ടുള്ളത്. കേരളത്തിൽ അനധികൃതമായി നടക്കുന്ന പിൻവാതിൽ നിയമനത്തിന്റെ കഥകളാണ് ഓരോ ദിവസവും പുറത്തുവരുന്നത്.

പി.എസ്.സി.-യെപ്പോലും നിയമനത്തട്ടിപ്പുകളുടെ കേന്ദ്രമാക്കി മാറ്റുകയും പോലീസ്, അധ്യാപക നിയമനങ്ങളിൽ ഭരണപക്ഷ യുവജന സംഘടനകളുടേയും ഭരണപക്ഷ സർവ്വീസ് സംഘടനകളുടേയും നേതൃത്വത്തിൽ അഴിമതി നടത്തിവരികയുമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന് മൂന്നരവർഷക്കാലം വരെ പി.ഡബ്ല്യു.ഡി. വർക്കുകൾക്ക് സാംഗ്ഷൻ നൽകാതെയും കെ.എസ്.ടി.പി.-ക്കും പൂഞ്ച്ലോയ്ഡ് കമ്പനിക്കും പണം കൊടുക്കാത്തതിന്റെയും ഫലമായി ഇപ്പോൾ ആർബിട്രേഷനിലൂടെ 200 കോടി രൂപ അധികം നൽകേണ്ടിവന്ന സാഹചര്യമാണുള്ളത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ മഅദ്നിയുമാ യുണ്ടാക്കിയ കൂട്ടുകെട്ടിലൂടെ സംസ്ഥാനത്തെ തീവ്രവാദ ഹബ്ബാക്കി മാറ്റിയിട്ടും ആഭ്യന്തരവകുപ്പ് നിഷ്ക്രിയത്വം പാലിക്കുകയാണുണ്ടായത്. തീവ്രവാദ വിരുദ്ധ സ്ക്വാഡിന്റെ അന്വേഷണം നേരിടുന്ന ഐ.പി.എസ്. ഓഫീസറെയാണ് തീവ്രവാദ ബന്ധത്തിനെക്കുറിച്ചുള്ള അന്വേഷണം ഏൽപ്പിച്ചിരുന്നത്. ലോക്കപ്പ് മരണത്തിനെതിരെ വീരവാദം മുഴക്കിയിരുന്ന പാർട്ടി അധികാരമേറ്റെടുത്തിനുശേഷം ഇതുവരെ 16 ലോക്കപ്പ് മരണങ്ങളുണ്ടായിയെന്നുള്ളതാണ് വസ്തുത. രാഷ്ട്രീയമായ പകപോക്കലിന്റെ ഭാഗമായി യു.ഡി.എഫ്. നേതാക്കളെ ജയിലലടയ്ക്കുമെന്ന പ്രസ്താവന തികച്ചും നിർഭാഗ്യകരമാണ്. വിദ്യാർത്ഥികളുടെ മുന്നിൽവച്ച് അദ്ധ്യാപകനെ വെട്ടിക്കൊന്ന കേസിലെ പ്രതിയെയടക്കം ജയിൽ മോചിതരാക്കിയ ഗവണ്മെന്റാണിത്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ:</u> ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. പാലക്കാട്, എറണാകുളം, ആലപ്പുഴ, തൃശൂർ എന്നീ ജില്ലകൾ ഉൾപ്പെടെ 79

അസംബ്ലി നിയോജക മണ്ഡലങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിക്കഴിഞ്ഞു. ഈ സർക്കാരിന്റെ കാലാവധി പൂർത്തിയാകുമ്പോൾ 100 അസംബ്ലി നിയോജക മണ്ഡലങ്ങളെ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലങ്ങളായി പ്രഖ്യാപിക്കുക എന്നുള്ളതാണ് ലക്ഷ്യം. കേരളത്തിന്റെ രാഷ്ട്രീയ രംഗത്ത് എൽ.ഡി.എഫ്-ന് അനുകൂലമായ മാറ്റങ്ങളാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ സർക്കാർ കഴിഞ്ഞ അഞ്ചുവർഷം നടപ്പിലാക്കിയ വികസന പദ്ധതികളെ അട്ടിമറിക്കാനാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്. പാമോയിൽ കേസ് ഉൾപ്പെടെ അഴിമതിക്കേസ്സുകളിൽ ഉൾപ്പെട്ട യു.ഡി.എഫ്. നേതാക്കൾക്ക് ധാർമ്മികതയെപ്പറ്റി സംസാരിക്കാൻ യാതൊരവകാശവുമില്ല. കേരളത്തിൽ നടന്ന വികസനം ജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുന്നതിനും കേന്ദ്രസർക്കാരിന്റേയും യു.ഡി.എഫ്.-ന്റേയും ചെയ്തികളെ ജനങ്ങൾക്കുമുന്നിൽ തുറന്നു കാണിക്കുന്നതിനുമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി വികസനയാത്രകൾ സംഘടിപ്പിച്ചത്.

<u>ശ്രീ. പി.സി. ജോർജ്:</u> ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. 11-ാം കേരള നിയമസഭയിൽ യു.ഡി.എഫ്. മന്ത്രിമാർക്കെതിരെ അന്നത്തെ പ്രതിപക്ഷം ഉന്നയിച്ച അഴിമതിയാരോപണങ്ങളിൽ ഒന്നിൽപ്പോലും കുറ്റം തെളിയിക്കുകയോ പ്രതികളെ ശിക്ഷിക്കുകയോ ചെയ്തിട്ടില്ല. സ്റ്റേറ്റ് ഡാറ്റാ സെന്റർ എന്ന പൊതുമേഖലാ സ്ഥാപനത്തെ റിലയൻസ് കമ്പനിയെ ഏൽപ്പിച്ചതുമായി ബന്ധപ്പെട്ടുണ്ടായ ആരോപണങ്ങൾ അന്വേഷിക്കാനോ നടപടി സ്വീകരിക്കാനോ ഈ സർക്കാർ തയ്യാറായിട്ടില്ല. നോർക്കയിലെ വഴിവിട്ട നിയമനങ്ങളെ സംബന്ധിച്ച് അന്വേഷിക്കണം. ഡയറക്ടറുടെ അടിസ്ഥാന യോഗ്യതകൾ മാറ്റിമറിച്ചുകൊണ്ടുള്ള നിയമനങ്ങളടക്കം

അനെർട്ടിലെ പിൻവാതിൽ നിയമനങ്ങളെക്കുറിച്ചും മാനദണ്ഡം ലംഘിച്ചു കൊണ്ട് പണം ചെലവഴിക്കുന്നതിനെക്കുറിച്ചും അന്വേഷിക്കണം. ഇതുസംബന്ധിച്ച് ലോകായുക്തയിൽ കേസ് നിലനിൽക്കെയാണ് 16 താൽക്കാലിക എൻജിനീയർമാരെ സ്ഥിരപ്പെടുത്തുന്ന നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നത്. ത്രിതല പഞ്ചായത്തുകളിൽ തിരിച്ചടയ്ക്കേണ്ട പണം അനെർട്ട് ജോയിന്റ് വെൻചർ പ്രോഗ്രാമിന് വേണ്ടി വിനിയോഗിക്കുന്നത് ശരിയായ പ്രവണതയല്ല. മലബാർ സിമന്റ്സിലെ അഴിമതിയേയും അവിടത്തെ ഉദ്യോഗസ്ഥന്റേയും മക്കളുടേയും ആത്മഹത്യയേയുംകുറിച്ച് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം.

<u>ശ്രീ. കെ. രാജു</u> : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ നാലേമുക്കാൽ വർഷമായി തുടർന്നുവരുന്ന ജനക്ഷേമകരവും പുരോഗമന പരവുമായ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനാണ് ഈ ഗവൺമെന്റ് ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നത്. വിലക്കയറ്റം പിടിച്ചുനിർത്തി ജനങ്ങൾക്ക് ആശ്വാസം പകരാനുള്ള നടപടികൾ സ്വീകരിക്കാനും ബുദ്ധിമുട്ടു കൾക്കിടയിലും മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റിലൂടെ വികസനപ്രവർത്ത നങ്ങൾ മുടക്കം കൂടാതെ നടത്തിക്കൊണ്ടുപോകാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗതവ്യവസായങ്ങളെ പുനരുദ്ധരിക്കുകയും കശുവണ്ടി മേഖലയിൽ 250 ദിവസം ജോലി കൊടുക്കാനും അവരുടെ മുഴുവൻ ശമ്പളവും പെൻഷൻ കുടിശ്ശികയും കൊടുത്തുതീർക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞു.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. പ്രഖ്യാപിക്കുന്ന കാര്യങ്ങളൊന്നും നടപ്പിലാക്കാതെ വെറും

പൊള്ളയായ ബഡ്ജറ്റാണ് കഴിഞ്ഞ നാലേമുക്കാൽ വർഷമായി ഈ ഗവണ്മെന്റ് അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഓരോ സഭാ സമ്മേളനത്തിലും എണ്ണമറ്റ ഉപധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നതുതന്നെ ശരിയായ രീതിയല്ല. ഡാമുകളിൽ നിന്ന് മണൽ വാരുന്നതുവഴി പ്രതിവർഷം ആയിരം കോടി രൂപ വരുമാനമുണ്ടാവുമെന്ന് പ്രഖ്യാപിച്ചിട്ട് ഒരു ലോഡ് മണൽപോലും എടുക്കാൻ സാധിച്ചിട്ടില്ല. ഹരിത പദ്ധതി നടപ്പിലാക്കാനും സാധിച്ചിട്ടില്ല. റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി 40,000 കോടി രൂപ സ്വരൂപിക്കുന്നതിനായി അൽബറാക് ബാങ്ക് സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾപോലും സ്വീകരിച്ചിട്ടില്ല. 3000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജിൽ നൂറുകോടി രൂപയുടെ പ്രവൃത്തികൾ മാത്രമാണ് നടത്താൻ സാധിച്ചിട്ടുള്ളത്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഡി.പി.ആർ. കൊടുക്കാൻ പോലും ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. മണ്ഡലങ്ങളിൽ വർക്കുകൾ അനുവദിക്കുന്നതിൽ വിവേചനം കാണിക്കുന്നത് ശരിയല്ല. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഈ ഗവൺമെന്റ് തികഞ്ഞ പരാജയമാണ്. യാഥാർത്ഥ്യബോധമില്ലാത്ത പ്രഖ്യാപനങ്ങളുടെ ആവർത്തനമാണ് ബഡ്ജറ്റിലുള്ളത്. ഇൻകെൽ-ന്റെ പ്രഖ്യാപിച്ച ഒരു പ്രോജക്ട്പോലും പ്രാവർത്തികമാക്കിയിട്ടില്ല. ഇൻലാന്റ് നാവിഗേഷനുവേണ്ടി 89 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. മൊത്തത്തിൽ കെടുകാര്യസ്ഥത മാത്രമാണ് സംസ്ഥാനത്തെ ധനകാര്യരംഗത്തുള്ളത്.

<u>ശ്രീ. കെ.സി. രാജഗോപാലൻ</u>: ഉപധനാഭ്യർത്ഥനകളെ പിന്താങ്ങുന്നു. കഴിഞ്ഞ നാലേമുക്കാൽ വർഷമായി സംസ്ഥാന ഗവൺമെന്റ് നിരവധി വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. അഭൂതപൂർവ്വമായ പുരോഗ

തിയാണ് സംസ്ഥാനം ഈ കാലയളവിൽ സമസ്തമേഖലകളിലും കൈവരിച്ചിട്ടുള്ളത്. വർഷങ്ങളായി സംരക്ഷണ പ്രവർത്തനം നടത്താതെ കിടന്ന റോഡുകളിൽ ബഹുഭൂരിപക്ഷവും സഞ്ചാരയോഗ്യമാക്കാൻ സാധിച്ചു. ഐ.ടി. മേഖലയിലും അഭൂതപൂർവ്വമായ പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുകയും എട്ട് പുതിയവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത വ്യവസായ മേഖലയിലും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ദുർബല ജനവിഭാഗങ്ങൾക്ക് ഏറ്റവും കൂടുതൽ ആനുകൂല്യം നൽകിയിട്ടുള്ള ഒരു ഗവൺമെന്റാണിത്. അനാഥാലയങ്ങൾക്ക് സാമ്പത്തിക സഹായം വർദ്ധിപ്പിച്ച് നൽകുകയും അവിടത്തെ കുട്ടികളുടെ ഉന്നതവിദ്യാഭ്യാസത്തിനായി 5 കോടി രൂപ വകയിരുത്തുകയും ചെയ്തു. ശയ്യാവലംബികളായ രോഗികളെ ശുശ്രൂഷിക്കുന്നവർക്കും മാനസികമായും ശാരീരികമായും ദൗർബല്യമുള്ള കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കും ധനസഹായം നൽകാനുള്ള നിർദ്ദേശം വളരെയേറെ പ്രശംസനീയമാണ് അയ്യൻകാളി സ്മാരക സ്കൂളിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ശിവഗിരി കൺവെൻഷൻ സെന്ററിനും ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തെ ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് ആക്കുന്നതിനുംവേണ്ടി ഒരു കോടി രൂപ വീതം നീക്കിവച്ചത് ശ്രദ്ധേയമാണ്. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്താനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സാധിച്ചു. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക കൊടുക്കുകയും പെൻഷൻ തുക 400 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തു. സമസ്ത മേഖലയിലേയും തൊഴിലാളികൾക്ക് ഇന്ന് ക്ഷേമപദ്ധതികളിലൂടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ചെറുകിട തൊഴിലാളികൾക്കായുള്ള ക്ഷേമ പദ്ധതി

മലയോര മേഖലയിൽ കാര്യമായ ഉണർവ്വുണ്ടാക്കിയിട്ടുണ്ട്. കേരളത്തിൽ 60 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചുകഴിഞ്ഞു. മൂന്നു മാസത്തിനകം 100 മണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാകാൻ പോകുകയാണ്. ശബരിമലയുടെ വികസനമടക്കം നിരവധി പരിപാടികൾ നടപ്പാക്കാൻ വിഭാവനം ചെയ്യുന്ന സംസ്ഥാന ബഡ്ജറ്റ് തികച്ചും സ്വാഗതാർഹമാണ്.

<u>ശ്രീ. എ.കെ. ശശീന്ദ്രൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസന പ്രവർത്തനങ്ങളിൽ ഇത്രയേറെ മികവ് കാട്ടിയ ഒരു ഗവൺമെന്റ് കേരളത്തിൽ ഇതിനുമുമ്പ് ഉണ്ടായിട്ടില്ല. ക്ഷേമ പദ്ധതിത്തുകകൾ വർദ്ധിപ്പി ക്കുകയും വിപുലീകരിക്കുകയും ചെയ്തു. അധികനികുതി പിരിക്കാതെ അടിസ്ഥാന മേഖലയിലെ നിക്ഷേപത്തുക ഇരട്ടിയിലധികമായി വർദ്ധിപ്പിച്ച് സമ്പദ്ഘടനയ്ക്ക് ഊർജ്ജസ്വലത പകർന്ന ഒരു കാലഘട്ടമായിരുന്നു കഴിഞ്ഞ അഞ്ചുവർഷം. ഇൻഡ്യൻ സമ്പദ്ഘടനയുടെ ചട്ടക്കൂടിൽ നിന്ന് പ്രവർത്തിക്കുന്ന സംസ്ഥാനത്തിന്റെ ധനക്കമ്മി 2.9 ശതമാനമായി കുറ യ്ക്കാൻ കഴിയുമെന്നാണ് ധനമന്ത്രി ഉറപ്പുനൽകുന്നത്. ഇൻഡ്യയിൽ ആദ്യ മായി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ കടങ്ങൾ എഴുതിത്തള്ളുന്നതി ന് 150 കോടി രൂപ സംസ്ഥാന ഗവൺമെന്റ് ചെലവാക്കി. പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. മെഡിക്കൽകോളേജുകൾക്ക് സമാനമായ ആധുനിക സൗകര്യങ്ങളോടു കൂടിയ രണ്ട് കോളേജുകൾ വയനാട്ടിലും അട്ടപ്പാടിയിലും സ്ഥാപിച്ചു. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എല്ലാത്തരത്തിലുമുള്ള ജീവിത

സുരക്ഷ ഉറപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് അഭിനന്ദനാർഹമാണ്.

ശ്രീ. ടി.പി. കുഞ്ഞുണ്ണി: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ വികസനവും ജനങ്ങളുടെ ക്ഷേമവും ആഗ്രഹിക്കുന്ന ഏതൊരാൾക്കും ഈ ബഡ്ജറ്റിനേയും ഉപധനാഭ്യർത്ഥനകളേയും അനുകൂലിക്കാതിരിക്കാൻ കഴിയില്ല. രാജ്യത്തിനുതന്നെ മാതൃകയായിട്ടുള്ള സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനങ്ങളും നടപ്പിലാക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സർക്കാരിന്റെ ചെലവ് 53 ശതമാനമായിരുന്നുവെങ്കിൽ 2006–2011 വരെയുള്ള കാലഘട്ടത്തിൽ അത് 100 ശതമാനമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. വികസനച്ചെലവ്, മൂലധനച്ചെലവ്, പദ്ധതിച്ചെലവ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവയുടെ കാര്യത്തിൽ മുൻകാലങ്ങളെ അപേക്ഷിച്ച് ഗുണപരമായ മാറ്റങ്ങളാണ് സംസ്ഥാനത്ത് വന്നിട്ടുള്ളത്. ഓരോ നിയോജകമണ്ഡലത്തിലും സർക്കാർ നടത്തിയ വികസന ക്ഷേമപ്രവർത്തനങ്ങൾ മികച്ചതാണ്. നാല് കോടി ടൺ ഭക്ഷ്യധാന്യ ശേഖരം ഇൻഡ്യയ്ക്കുണ്ടെന്ന് അവകാശപ്പെടുന്ന കേന്ദ്ര സർക്കാർ ഒരു നേരത്തെ ഭക്ഷണം ലഭിക്കാത്ത കോടിക്കണക്കിന് പട്ടിണിപ്പാവങ്ങളെ ശ്രദ്ധിക്കാതെ പോവുകയാണ്. പതിനായിരക്കണക്കിന് ടൺ ഭക്ഷ്യധാന്യം കെട്ടിക്കിടക്കുകയും കേടാവുകയും ചെയ്തിട്ടും അത് പൊതുജനങ്ങൾക്ക് വിതരണം ചെയ്യാനോ പൊതുമാർക്കറ്റിലെ വിലക്കയറ്റം പിടിച്ചുനിർത്താനോ സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുപോലും കേന്ദ്ര സർക്കാർ തയ്യാറായില്ല. കഴിഞ്ഞ സംസ്ഥാന സർക്കാരിന്റെ കാലത്ത് ഭക്ഷ്യ

സബ്സിഡിയായി ഒരു വർഷം 34 കോടി രൂപയാണ് നൽകിയിരുന്നതെങ്കിൽ ഈ സർക്കാർ 235 കോടി രൂപയാണ് ഭക്ഷ്യസബ്സിഡിയായി ഒരു വർഷം നൽകിയിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 25 ലക്ഷം കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിച്ചുകൊടുക്കാൻ കഴിഞ്ഞുവെങ്കിൽ ഇപ്പോൾ 56 ലക്ഷം കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിച്ചുകൊടുക്കാൻ കഴിയുന്നുണ്ട്. വാസയോഗ്യമായ വീടില്ലാത്ത മുഴുവൻപേർക്കും വീട് നൽകുന്നതിനായി സമഗ്ര പാർപ്പിടപദ്ധതിക്ക് സർക്കാർ രൂപം കൊടുക്കുകയും പ്രാവർത്തികമാക്കുകയും ചെയ്തു. സംസ്ഥാനത്തെ 50-ലേറെ നിയോജകമണ്ഡലങ്ങൾ സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലങ്ങളായി മാറ്റുകയും ബാക്കിയുള്ളവ മാറ്റാനുള്ള ശ്രമത്തിലുമാണ്. ഈ സർക്കാരിന്റെ കാലത്ത് ഒരു മന്ത്രിയുടെയോ വകുപ്പിന്റെയോ പേരിൽ അഴിമതിയാരോപണം ഉന്നയിക്കാൻ പ്രതിപക്ഷത്തിന് സാധിച്ചിട്ടില്ല. കഴിഞ്ഞ രണ്ടുവർഷമായി 4,15,000 കോടി രൂപയുടെ അഴിമതിയാണ് കേന്ദ്ര സർക്കാർ നടത്തിയിട്ടുള്ളത്. കേരളത്തിലെ സമസ്ത ജനവിഭാഗങ്ങളുടെയും പുരോഗതി ലക്ഷ്യമിട്ടുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്.

<u>ശ്രീ. കെ. പി. മോഹനൻ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാരിന് പ്രഖ്യാപനങ്ങളൊന്നും തന്നെ പാലിക്കാൻ കഴിഞ്ഞിട്ടില്ല. വടക്കേക്കളം മിച്ചഭൂമി പ്രശ്നം ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ല. മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപനം മാത്രമായി തുടരുകയാണ്. പെരിങ്ങളം നിയോജകമണ്ഡലം സമ്പൂർണ്ണ വൈദ്യുതീകരണ മണ്ഡലമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. ട്രൈബൽ മേഖലയിൽ ഒരു പോളിടെക്നിക്ക് സ്ഥാപിക്കാൻ കേന്ദ്ര സർക്കാർ അനുമതി നൽകിയെങ്കിലും

സംസ്ഥാന സർക്കാർ അതിന് തടസ്സം നിൽക്കുകയാണ് ചെയ്തിട്ടുള്ളത്. പാനൂരിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുമെന്ന് ഇപ്പോഴത്തെ ബഡ്ജറ്റിൽ പ്രഖ്യാപനം നടത്തിയിട്ടുണ്ടെങ്കിലും അത് പ്രാവർത്തികമാകുന്ന കാര്യം സംശയമാണ്. പ്രവാസി ക്ഷേമത്തിനായി ഈ സർക്കാർ യാതൊന്നും ചെയ്തിട്ടില്ല. ഐ.സി.ഡി.എസ് പ്രോജക്ടുകളുടെ മൂന്നാംഘട്ട വികസന പ്രവർത്തനം എത്രയുംവേഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സാധാരണക്കാരുടെ ക്ഷേമ പ്രവർത്തനങ്ങളിൽ രാഷ്ട്രീയപരമായ ഇടപെടലുകൾ ഇല്ലാതാക്കണം. സർക്കാരിന്റെ ജനകീയത നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ.കെ. ദിവാകരൻ : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമ്പന്ന സംസ്ഥാനങ്ങളിലൊന്നായി കേരളത്തെ ഈ സർക്കാർ മാറ്റിയിരിക്കുന്നു. ദേശീയ ശരാശരിയിൽ കേരളത്തിന്റെ വളർച്ചാനിരക്കും പ്രതിശീർഷ വരുമാനവും വർദ്ധിപ്പിക്കാനും സാമ്പത്തിക മാന്ദ്യത്തിന് പരിഹാരം കാണാനും തൊഴിൽ-എക്സൈസ് വകുപ്പുകളുടെ പ്രവർത്തനം ഇന്ത്യയ്ക്കാകെ മാതൃകയാക്കാനും കഴിഞ്ഞിട്ടുണ്ട്. മിനിമം വേജസ് നിശ്ചയിക്കുകവഴി അസംഘടിത-സംഘടിത മേഖലകളിലെ തൊഴിലാളികൾക്ക് ഗുണം ലഭ്യമാക്കി. തോട്ടം തൊഴിലാളികളുടേയും കശുവണ്ടിത്തൊഴിലാളികളുടേയും മിനിമം വേതനം വർദ്ധിപ്പിക്കുകയും ലേബർ കോടതികളുടേയും ഇൻഡസ്ട്രിയൽ കോടതികളുടേയും പശ്ചാത്തല സൗകര്യം വദ്ധിപ്പിക്കുകയും ചെയ്തു. വിവിധ വിഭാഗം തൊഴിലാളികളുടെ ക്ഷേമത്തിനായി നിരവധി നിയമങ്ങൾ പാസ്സാക്കി. 6 ലക്ഷം കർഷകത്തൊഴിലാകൾക്കും ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്കും ചുമട്ടുതൊഴിലാളികൾക്കും പെൻഷൻ അനുവദിച്ചു.

മോട്ടോർ തൊഴിലാളികളുടെ ആനുകൂല്യം വർദ്ധിപ്പിക്കുകയും വിവിധ ക്ഷേമ പെൻഷനുകൾ 500 രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. 2005 വരെ ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധിയിൽ ചേർന്ന തൊഴിലാളികൾക്ക് അടച്ച തുകയുടെ ആനുകൂല്യം നൽകാനും മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകാനുമുള്ള അനുവാദം നൽകണം. കുടിവെള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും ചിറ്റൂർ ഷുഗർ മിൽ തുറന്നുപ്രവർത്തിപ്പിക്കാനും പുതുതായി 116 പേർക്ക് തൊഴിൽ നൽകാനും കഴിഞ്ഞു. മലബാർ ഡിസ്റ്റിലറിക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് നിയമ നടപടികൾ സ്വീകരിക്കണം. ട്രാവൻകൂർ ഷുഗേഴ്സിലെ തൊഴിലാളികളുടെ ശമ്പളം പരിഷ്ക്കരിക്കണം. കെ.എസ്.ആർ.ടി.സി.-ക്ക് 100 കോടി രൂപ നീക്കിവച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. കെ.എസ്.ആർ.ടി.സി.-യിൽ പുതുതായി ഇരുപതിനായിരത്തോളം പേർക്ക് പി.എസ്.സി വഴി നിയമനം നൽകാനും കൂടുതൽ കെ.എസ്. ആർ.ടി.സി. ബസ്സുകൾ നിരത്തിലിറക്കാനും സാധിച്ചത് അഭിനന്ദനീയമാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ വികസനംമൂലം തൊഴിൽ നഷ്ടപ്പെട്ട സ്വകാര്യ ബസ് തൊഴിലാളികൾക്ക് കെ.എസ്.ആർ.ടി.സി.-യിൽ തൊഴിൽ നൽകണമെന്ന ആവശ്യം പരിഗണിക്കാനും മോട്ടോർ തൊഴിലാളികളുടെ ക്ഷേമനിധിയിൽ വരുത്തേണ്ട മാറ്റങ്ങൾ അടിയന്തിരമായി വരുത്താനും നടപടി സ്വീകരിക്കണം. കേരളത്തിലെ ആരോഗ്യമേഖല വളരെയധികം പുഷ്ടിപ്പെട്ടുകൊണ്ടിരിക്കുകയാണ്. പാലക്കാട് ജില്ലാ ആശുപത്രിയോടനുബന്ധിച്ചുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കണം. സമസ്ത മേഖലകളിലും വികസനം നടപ്പിലാക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. രൂക്ഷമായ

വിലക്കയറ്റം പിടിച്ചുനിർത്താനും തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയോഗിച്ച പാലോളി കമ്മിറ്റി ശുപാർശകൾ നടപ്പിലാക്കുന്നതിൽ കേരളം സ്വീകരിച്ചിട്ടുള്ള സമീപനം ചർച്ച ചെയ്യപ്പെടേണ്ടതാണ്. ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ പത്ത് ഐ.ടി.ഐ.-കൾ സ്ഥാപിക്കുന്നതിന് നോഡൽ ഓഫീസർമാരെ നിയമിച്ചുവെങ്കിലും കേന്ദ്ര സഹായത്തിന്റെ അലംഭാവം കാരണം പ്രവർത്തനക്ഷമമാക്കാൻ കഴിഞ്ഞിട്ടില്ല. അലിഗഢ് സർവ്വകലാശാലയുടെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിച്ചിട്ടില്ല. പ്രവാസികളുടെ വോട്ടവകാശത്തിലും അനിശ്ചിതത്വം നിലനിൽക്കുന്നുണ്ട്. സാമ്പത്തിക അച്ചടക്കവും മികച്ച സാമ്പത്തിക മാനേജുമെന്റുമാണ് സംസ്ഥാനത്തിന്റെ സമസ്തനേട്ടങ്ങൾക്കും നിദാനമായിട്ടുള്ളത്.

ശ്രീ. വി. ചെന്താമരാക്ഷൻ : ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. മികച്ച ധനമാനേജ്മെന്റിലൂടെ കേരളത്തിൽ വികസന മുന്നേറ്റമുണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. കൊല്ലങ്കോട് മണ്ഡലത്തിൽ മാത്രം 50 ലക്ഷം രൂപയുടെ സഹായം സി..എം.ഡി.ആർ.എഫ്.-ൽനിന്ന് കൊടുക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. നെല്ലിന്റെ സംഭരണ വില 14 രൂപയായി ഉയർത്തിയ നടപടി ആശാവഹമാണ്. കർഷക ആത്മഹത്യകൾ ഇല്ലാതാക്കാനും കാർഷികോത്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയുണ്ടായി. സമഗ്ര റോഡ് വികസനപദ്ധതി വികസന പ്രവർത്തനം എന്ന മഹത്തായ

ലക്ഷ്യം കൈവരിക്കുന്നതിനുള്ള ദിശാബോധത്തിന്റെ തെളിവാണ്. പശ്ചാത്തല സൗകര്യവികസന പദ്ധതിയുടെ ആവിർഭാവം, വൈദ്യുത മേഖലയിലെ മുന്നേറ്റം, സമ്പൂർണ്ണ വൈദ്യുതീകരണം തുടങ്ങിയ സമഗ്രമായ പ്രവർത്തനങ്ങളാണ് നടത്തികൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും സംസ്ഥാനത്തെ ഒരു ഐ.ടി. ഡെസ്റ്റിനേഷൻ സെന്ററാക്കി മാറ്റാനും കഴിഞ്ഞു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ നയംമൂലമാണ് സംസ്ഥാനത്ത് വിലക്കയറ്റമുണ്ടായതെങ്കിലും മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ കേരളത്തിൽ വിലക്കയറ്റം കുറവാണെന്ന് കാണാൻ കഴിയും. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് അടിക്കടിയുണ്ടാകുന്ന വില വർദ്ധനവിനോടൊപ്പം ഊഹക്കച്ചവടം, അവധി വ്യാപാരം എന്നിവ സജീവമായി നടക്കുന്നു. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകാനും അഴിമിതി അവസാനിപ്പിക്കാനും ഈ ഗവണ്മെന്റിന് കഴിഞ്ഞു.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഇൻഡ്യയിൽ വികസനത്തിൽ പിന്നിൽ നിൽക്കുന്നത് കേരളവും പശ്ചിമ ബംഗാളുമാണ്. കേരളം വ്യാവസായികമായി പിന്നോട്ടുപോയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസരംഗം തകരാറിലായിരിക്കുന്നു. മുൻ യു.ഡി.എഫ്. സർക്കാരുകൾ ഉന്നത വിദ്യാഭ്യാസമേഖലയിൽ കൊണ്ടുവന്ന പരിഷ്ക്കാരങ്ങളെയെല്ലാം എൽ.ഡി.എഫ്. ഗവണ്മെന്റ് തകർക്കുകയാണ് ചെയ്തത്. നോക്കുകൂലി സമ്പ്രദായം ഇന്നും സംസ്ഥാനത്ത് തുടരുകയാണ്. ഈ ഗവണ്മെന്റിന്റെ തെറ്റായ പ്രവർത്തനങ്ങൾക്കുള്ള തിരിച്ചടിയാണ് കഴിഞ്ഞ പാർലമെന്റിലേയും പഞ്ചായത്തിലേയും തെരഞ്ഞെടുപ്പുകൾ തെളിയിക്കുന്നത്. പി.ഡബ്ള്യു.ഡി. വകുപ്പിൽ വ്യാപകമായ അഴിമതി നിലനിൽക്കുന്നു.

**ക്രമപ്രശ്നം**

എം.എൽ.എ.-യെ പോലീസ് മർദ്ദിച്ച സംഭവം

ശ്രീ. ജി. കാർത്തികേയൻ: ഈ സഭയിലെ അംഗവും യൂത്ത് കോൺഗ്രസ്സ് പ്രസിഡന്റുമായ ശ്രീ. പി.സി. വിഷ്ണുനാഥ് ഉൾപ്പെടെയുള്ള നേതാക്കന്മാരും പ്രവർത്തകരും പോലീസിന്റെ മർദ്ദനത്തിൽ ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിലാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അക്കാര്യം പരിശോധിച്ച് നടപടിയെടുക്കാം.

ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ആംഗ്ലോ ഇന്ത്യൻ സമുദായത്തിനുവേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ അവിസ്മരണീയമാണ്. ആംഗ്ലോ ഇന്ത്യൻ കൾച്ചറൽ സെന്ററിന് തുക അനുവദിച്ചത് സ്വാഗതാർഹമാണ്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി ഹയർ സെക്കണ്ടറി സ്ക്കൂൾ, ബോട്ട് ജെട്ടി, ബസ്സ്റ്റാന്റ്, പൊതുകെട്ടിടം, കമ്പോളം എന്നിവിടങ്ങളിൽ സാനിട്ടേഷനുവേണ്ടി തുക വകയിരുത്തിയത് ശ്ലാഘനീയമാണ്. സംസ്ഥാനത്തിന് അനുയോജ്യമായ ബഡ്ജറ്റാണ് അവതരിപ്പിച്ചിരിക്കുന്നത്. മൂന്ന് വയസ്സിനുതാഴെയുള്ള 46 ശതമാനം കുട്ടികൾക്ക് തൂക്കക്കുറവുള്ളതായും സ്ത്രീകൾക്ക് അനീമിയ ബാധിച്ചതായും ഗ്രാമീണ ഇന്ത്യൻ ജനത കഴിക്കുന്ന ഭക്ഷണത്തിൽ കലോറിയും പ്രോട്ടീനും കുറയുന്നതായും സർവ്വേകൾ കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഭക്ഷ്യ കമ്മിയാണ്. ലോകത്ത് പല രാജ്യങ്ങളിലും ഭക്ഷ്യസമ്പത്ത് ജൈവ ഇന്ധനമായി ഉപയോഗിക്കുകയാണ്. സംസ്ഥാനത്ത് മൂലധനച്ചെലവും പദ്ധതിച്ചെലവും വികസനച്ചെലവും വർദ്ധിച്ചിരിക്കുന്നു. കമ്മി താഴ്ന്നിരിക്കുന്നു. ഓവർഡ്രാഫ്റ്റ് ഇല്ലാതായി.

ദൈനംദിനച്ചെലവുകൾക്കും ബുദ്ധിമുട്ടില്ലാതായിരിക്കുന്നു. പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രത്യാഘാതങ്ങൾ ഇന്ത്യ മുഴുവൻ അനുഭവിക്കുമ്പോൾ അതിനെ പിടിച്ചുനിർത്താനുള്ള നടപടിയുമായി സർക്കാർ മുന്നോട്ടുപോവുകയാണ്. സമുദ്രനിരപ്പ് ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും നെൽകൃഷി വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിന്റെ വികസന രംഗത്ത് ഒട്ടനവധി മാറ്റങ്ങൾ ഉണ്ടായി. സർക്കാരിന്റെ പ്രവർത്തനങ്ങളെ ജനങ്ങൾ പ്രതീക്ഷയോടെ കാണുകയാണ്. സാമൂഹ്യക്ഷേമത്തിലധിഷ്ഠിതമായ വികസന പ്രക്രിയ നടപ്പിലാക്കാൻ സർക്കാരിന് സാധിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളെയും കാർഷിക മേഖലയെയും ഉയർത്തിക്കൊണ്ടുവരാൻ ഈ ഗവൺമെന്റിന് സാധിച്ചു. കേന്ദ്ര സർക്കാർ നയംമൂലം രാജ്യത്തെ സമ്പദ്ഘടനയും ജനാധിപത്യ വ്യവസ്ഥിതിയും തകരുന്ന സ്ഥിതിവിശേഷമാണ് സംജാതമായിരിക്കുന്നത്. അഴിമതിക്കാരെ സംരക്ഷിക്കുന്ന നയമാണ് യു.ഡി.എഫ്. സ്വീകരിച്ചിരിക്കുന്നത്.

<u>ശ്രീ. വി. ശശികുമാർ:</u> ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വസ്തുനിഷ്ഠവും യുക്തിസഹവുമല്ലാത്ത രീതിയിൽ ബഡ്ജറ്റ് മോശമെന്ന പൊതുനിലപാട് സ്വീകരിച്ചുകൊണ്ട് ഉപധനാഭ്യർത്ഥനകളെ എതിർക്കുന്ന പ്രതിപക്ഷം ദേശീയ രാഷ്ട്രീയത്തിൽ കോൺഗ്രസ് നിലംപതിച്ചുകൊണ്ടിരിക്കുന്ന കാര്യം തിരിച്ചറിയണം. കോൺഗ്രസ്സിന്റെ വികലമായ നയങ്ങൾക്കെതിരെ കേന്ദ്ര ഗവൺമെന്റിന് വ്യക്തമായ ദിശാബോധം നൽകുന്ന ഒരു ബദൽ

വികസന കാഴ്ചപ്പാട് ഉയർത്തിക്കൊണ്ട് കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനുള്ള ഉപധനാഭ്യർത്ഥനയാണ് അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. കെ. ശിവദാസൻ നായർ : ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2005-ൽ നിക്ഷേപസൗഹൃദ കാര്യങ്ങളിൽ രണ്ടാം സ്ഥാനത്തായിരുന്ന കേരളം 2008-ൽ ഇരുപതാം സ്ഥാനത്തായി എന്നാണ് സർവ്വേകൾ വ്യക്തമാക്കുന്നത്. 2005-06-ൽ 18,041 കോടി രൂപയുണ്ടായിരുന്ന കാർഷികവരുമാനം 2009-10-ൽ 16,689 കോടി രൂപയായി താഴ്ന്നു. കാർഷികോൽപ്പന്നങ്ങൾക്ക് വിലവർദ്ധനവുണ്ടായിട്ടും കാർഷികവരുമാനം കൂട്ടാൻ സാധിച്ചില്ല. അരി ഉൽപ്പാദനം 2009-10-ൽ 598 മെട്രിക് ടണ്ണായി കുറഞ്ഞു. പൊതുകടം 2011 മാർച്ച് ആകുമ്പോൾ 80,000 കോടി രൂപയായി വർദ്ധിക്കാൻ പോകുകയാണ്. സഹകരണ മേഖലയ്ക്കും ജലസേചനത്തിനും ജലവിതരണത്തിനും ബഡ്ജറ്റിൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല. കാർഷികമേഖലയിൽ ആർ.കെ.വി.വൈ. അല്ലാതെ മറ്റൊരു പദ്ധതിക്കും ബഡ്ജറ്റ് അലോക്കേഷനില്ല. പി.ഡബ്ല്യു.ഡി. റോഡുകൾ നന്നാക്കാൻ തുകയൊന്നും ചെലവഴിച്ചില്ല. പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം 375 കോടി രൂപയുടെ റോഡ് വർക്ക് ചെയ്യാൻ തീരുമാനമെടുത്തുവെങ്കിലും യാതൊരു പണിയും ചെയ്തില്ല, ഒരു പദ്ധതിക്കുപോലും ഭരണാനുമതി നൽകിയില്ല. ഭരണകക്ഷി എം. എൽ. എ. മാരെ സഹായിക്കാൻ ആ പദ്ധതിതന്നെ അട്ടിമറിക്കുകയാണ് ചെയ്തത്. കേരളത്തിന്റെ സമസ്ത മേഖലകളും തകർത്ത ഒരു ഗവൺമെന്റാണിത്.

**ക്രമപ്രശ്നം**

ഗ്യാലറിയിൽ ഉദ്യോഗസ്ഥരുടെ അഭാവം

ശ്രീ. ആര്യാടൻ മുഹമ്മദ് : ഉപധനാഭ്യർത്ഥനയെക്കുറിച്ച് സഭയിൽ ചർച്ച നടക്കുന്ന സമയത്ത് ഗ്യാലറിയിൽ ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഉണ്ടാകേണ്ടതാണെന്ന് പലപ്രാവശ്യം റൂളിംഗ് ഉണ്ടായിട്ടുള്ളതാണ്. ഗ്യാലറിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആരുംതന്നെയില്ല. ഇതിനെക്കുറിച്ച് റൂളിംഗ് ഉണ്ടാകണം.

**റൂളിംഗ്**

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് സംബന്ധിച്ച് പലപ്രാവശ്യം റൂളിംഗ് കൊടുത്തിട്ടുള്ളതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഗ്യാലറിയിൽ ഉണ്ടാകണമെന്നുള്ളത് നിർബന്ധമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന 3,400 കോടി രൂപയിൽ പകുതിയും ചെലവഴിച്ച തുകയുടെ റെഗുലറൈസേഷനാണ്. ഈ ഉപധനാഭ്യർത്ഥനകളിൽ ക്യാഷ് ഔട്ട്ഫ്ളോ ഇല്ലാത്ത ചുരുക്കം ഇനങ്ങളാണുള്ളത്. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഉപധനാഭ്യർത്ഥനയാണ് സഭ പരിഗണിച്ചുകൊണ്ടിരിക്കുന്നത്. പി.ഡബ്ല്യു.ഡി.-ക്ക് അഞ്ഞൂറിലധികം കോടി രൂപയും സഹകരണ വകുപ്പിന് ഇരുന്നൂറ്റി അമ്പതിലധികം കോടി രൂപയും ഉൾപ്പെടെ വലിയ തുകകൾ നൽകിയിട്ടുള്ളത് പലതും വരുന്ന രണ്ട് മാസങ്ങൾകൊണ്ട് ചെലവഴിച്ചു തീർക്കുമെന്നുറപ്പുള്ള കാര്യങ്ങൾക്കുവേണ്ടിയാണ്. പലവ്യഞ്ജന കിറ്റ് റേഷൻകടകൾ വഴി വിതരണം ചെയ്യുന്ന സ്കീമിനുവേണ്ടിയും അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിക്കുവേണ്ടിയും തുക മാറ്റിവച്ചിട്ടുണ്ട്. മുനിസിപ്പാലിറ്റികളി

ലേയ്ക്ക് പഞ്ചായത്തുകളെ കൂട്ടിച്ചേർത്തതുകൊണ്ട് പഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതി തുടരുന്നത് അയ്യൻകാളി സ്കീമിനുകീഴിലാണ്. ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ആവശ്യമായ തുക വകയിരുത്തുകയും ചെലവഴിച്ചുകൊണ്ടിരിക്കുകയുമാണ്. 2005-2006-ൽ പ്ലാനിൽ 32 കോടി രൂപയാണ് സഹകരണ മേഖലയ്ക്കുവേണ്ടി ചെലവഴിച്ച തെങ്കിൽ ഈ വർഷത്തെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം 96 കോടി രൂപ യാണ് ചെലവഴിക്കുന്നത്. മുൻ ഗവൺമെന്റിന്റെ കാലത്ത് നോൺ പ്ലാനിൽ 185 കോടി രൂപയാണ് സഹകരണ മേഖലയ്ക്ക് ചെലവഴിച്ചിരുന്നതെങ്കിൽ ഈ വർഷം 448 കോടി രൂപയാണ്. ഉപധനാഭ്യർത്ഥനയിലൂടെ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന് 150 കോടി രൂപയും നൽകിയിട്ടുണ്ട്. സഹകരണ മേഖലയിൽ കാർഷിക വായ്പകൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 286 കോടി രൂപയും കൺസ്യൂമർ ഫെഡിനുവേണ്ടി 117 കോടി രൂപയുമാണ് ആകെ കൈമാറേണ്ടത്. യു.ഡി.എഫ്. ഗവൺമെന്റ് തുകയൊന്നും കൈമാറിയില്ല. കയർ കോ-ഓപ്പറേറ്റീവ്സിന് 21 കോടി രൂപ കൊടുത്തിരുന്ന സ്ഥാനത്ത് 92 കോടി രൂപയും ഹാന്റ്ലൂമിന് 29 കോടി രൂപ കൊടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 38 കോടി രൂപയുമാണ് നൽകിയിട്ടുള്ളത്. സഹകരണ സംഘങ്ങൾക്ക് കടാശ്വാസമടക്കം 165 കോടി രൂപയാണ് നൽകിയിരിക്കുന്നത്. 2005-06-ൽ സഹകരണ മേഖലയ്ക്ക് ആകെ കൊടുത്തത് 278 കോടി രൂപയാ ണെങ്കിൽ ഈ ഗവൺമെന്റ് കൊടുത്തത് 1,109 കോടി രൂപയാണ്. യു.ഡി.എഫ്. ഭരണകാലത്ത് 19,000 കോടി രൂപ ചെലവഴിച്ചിരുന്ന സ്ഥാനത്ത്

ഈ ഗവൺമെന്റ് 40,000 കോടി രൂപയാണ് ചെലവഴിക്കുന്നത്. മുമ്പെങ്ങും ഉണ്ടായിട്ടില്ലാത്ത വിധത്തിലാണ് കഴിഞ്ഞ രണ്ടു-മൂന്നു വർഷം കുടിവെള്ള സ്കീമുകൾക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. സ്പാൻ പദ്ധതി, സാർക്ക് പദ്ധതി, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ഇവയൊക്കെ നവീകരിക്കാൻ സാധിച്ചു. റോഡ് നിർമ്മാണത്തിന്റെ കാര്യത്തിൽ ഇപ്പോൾ ടെണ്ടർ എക്സസ് ഇല്ലെന്നു മാത്രമല്ല വർക്കുകൾ ബിലോ റേറ്റിലാണ് പോകുന്നത്. കുടിവെള്ള പദ്ധതി കൾക്കാവശ്യമായ പൈപ്പിന്റെ വിലയിൽ വന്നിരിക്കുന്ന വ്യത്യാസങ്ങ ളെക്കുറിച്ച് സി.ടി.ഇ. പരിശോധിച്ച് അപ്രൂവ് ചെയ്യുകയാണെങ്കിൽ എക്സസ് എമൗണ്ട് കൊടുക്കുന്നതാണ്. പുതിയ റേറ്റുകൾ നിശ്ചയിച്ചപ്പോൾ ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ടെന്ന് ചൂണ്ടിക്കാണിച്ചതു സംബന്ധിച്ചും സി.ടി.ഇ. പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിൽ ധനക്കമ്മി വിലക്കയറ്റം സൃഷ്ടിക്കുകയില്ല എന്ന് പറഞ്ഞത് ശരിയാണ്. പണലഭ്യത കൂട്ടുന്നില്ല എന്നുള്ളതുകൊണ്ടുതന്നെ സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് വിലയെ ബാധിക്കുകയില്ല. റിസർവ് ബാങ്കിൽ നിന്നല്ല എസ്.എൽ. ആർ. ബോണ്ട് ഇറക്കി അതിൽനിന്നുമാണ് കേരള സർക്കാർ കടമെടുക്കുന്നത്. കേരളത്തിന്റെ ധനക്കമ്മി കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഒരു പ്രാവശ്യവും കേന്ദ്ര സർക്കാർ അനുവദിച്ചതിനേക്കാൾ ഉയർന്നിട്ടില്ല. ഈ വർഷത്തെ ട്രഷറിയിലെ ഫിക്സഡ് ഡെപ്പോസിറ്റ് 500 കോടി രൂപയ്ക്കു മുക ളിൽ വരില്ല. കേരളത്തിലെ സ്വർണ്ണവ്യാപാരത്തെ സംബന്ധിച്ച് പഠനം നടത്തിയതിൽ 22,000 കോടി രൂപയാണ് ഇപ്പോഴത്തെ ടേൺ ഓവർ. അതിന്റെ ഒരു ശതമാനം നികുതി കണക്കാക്കിയാൽ വരുന്ന 200 കോടി രൂപ കിട്ടത്തക്ക വിധത്തിലുള്ള ഒരു ഫോർമുലയാണ് വച്ചിട്ടുള്ളത്. അതനുസരിച്ച്

കിട്ടുന്നുമുണ്ട്. ഇതിൽ നിന്ന് ഒഴിഞ്ഞുനിൽക്കുന്നവരെ ഇതിലേയ്ക്ക് കൊണ്ടു വരാൻ വേണ്ടി മാത്രമാണ് 4 ശതമാനം നികുതി ഈടാക്കുമെന്ന് പറയുന്നത്. വരുമാന ഉറപ്പ് പദ്ധതി, പ്രസവാവധി ആനുകൂല്യം തുടങ്ങിയ ക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ തുക എസ്.ഡി.ജി.-യിൽ വകയിരുത്തുകയും അവ പ്രാവർത്തികമായിക്കൊണ്ടിരിക്കുകയുമാണ്. ഉയർന്ന നികുതി ചുമത്തുന്നത് ടൂറിസം വളർച്ചയ്ക്ക് തടസ്സമാണ്. വളരെ കോംപറ്റേറ്റീവായ വ്യാവസായിക മേഖലയിൽ നികുതി നിരക്ക് കുറയ്ക്കേണ്ടത് ആവശ്യമാണ്. എസ്.ഡി.ജി.-യിൽ വകയിരുത്തുന്ന തുക മാർച്ച് 31-ന് മുമ്പ് ചെലവാക്കി തീരില്ല. അത് സി.ആന്റ്എ.ജി.-യുടെ വിമർശത്തിനിടയാക്കിയിട്ടുണ്ടെങ്കിലും തുക വകയിരുത്തിയില്ലെങ്കിൽ മാർച്ച് 31 വരെ പല ഇനങ്ങളിലും തുക ചെലവാക്കാൻ പറ്റാത്ത കണ്ടിജൻസിയുണ്ടാകും. റേഷൻ കടകൾ വഴിയുള്ള 150 രൂപയുടെ സബ്സിഡൈസ്ഡ് കിറ്റ് വിതരണം ഫെബ്രുവരി മാസം മുതൽ തുടങ്ങുന്നതിന് എസ്.ഡി.ജി.-യിൽ തുക വകയിരുത്തിയില്ലെങ്കിൽ സാധിക്കുകയില്ല. സി. ആന്റ് എ.ജി.-യുടെ വിമർശന വിധേയമായിട്ടായാലും ഇക്കാര്യങ്ങൾ മേയ് മാസത്തിൽ നടന്നുപോകും. ഇനി വരാൻപോകുന്ന മാസങ്ങളിൽ ക്ഷേമപ്രവർത്തനങ്ങളിലെല്ലാം സർക്കാർ നന്നായിട്ട് പണം ചെലവഴിക്കാൻ പോകുകയാണ്. അതിനുവേണ്ടിയാണ് ഈ ഉപധനാഭ്യർത്ഥന. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വാർത്താ വിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള

ഉപധനാഭ്യർത്ഥനയും ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന യിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാ രോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥ നയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 32-നെതിരെ 50 വോട്ടുകളോടെയും വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയി ന്മേലുള്ള ഉപധനാഭ്യർത്ഥനയും കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥന യിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സാമൂഹ്യവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും 32-നെതിരെ 51 വോട്ടുകളോടെയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു. മറ്റ് ഉപധനാഭ്യർത്ഥനകളും ചർച്ച കൂടാതെ പാസ്സാക്കേണ്ട ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.08-ന് പിരിഞ്ഞു.